2008, ഖുത്ബ നമ്പര്‍ - 45

*ഖുത്ബ*
*07.11.2008*
മസ്ജിദുല്‍ മഹ്ദി
ബ്രാഡ്ഫോര്‍ഡ്, ഇംഗ്ലണ്ട്

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# തഹ്‌രീഖ് ജദീദ്: പുതുവര്‍ഷ പ്രഖ്യാപനം

أَلَمْ تَرَ إِلَى ٱلَّذِينَ بَدَّلُوا۟ نِعْمَتَ ٱللَّهِ كُفْرًا وَأَحَلُّوا۟ قَوْمَهُمْ دَارَ ٱلْبَوَارِ ﴿٢٨﴾ جَهَنَّمَ يَصْلَوْنَهَا ۖ وَبِئْسَ ٱلْقَرَارُ ﴿٢٩﴾ وَجَعَلُوا۟ لِلَّهِ أَندَادًا لِّيُضِلُّوا۟ عَن سَبِيلِهِۦ ۗ قُلْ تَمَتَّعُوا۟ فَإِنَّ مَصِيرَكُمْ إِلَى ٱلنَّارِ ﴿٣٠﴾ قُل لِّعِبَادِىَ ٱلَّذِينَ ءَامَنُوا۟ يُقِيمُوا۟ ٱلصَّلَوٰةَ وَيُنفِقُوا۟ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خِلَٰلٌ ﴿٣١﴾

(14:29-32)

അല്‍ഹംദുലില്ലാഹ് ഇന്ന് ബ്രാഡ്ഫോര്‍ഡ് ജമാഅത്തിന്നും പള്ളി നിര്‍മ്മിക്കുവാനുള്ള തൗഫീഖ് ലഭിച്ചിരിക്കുകയാണ്. പള്ളിയായി ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു ഹാള്‍ ഇവിടെ ഉണ്ടായിരുന്നു.ബ്രാഡ്ഫോര്‍ഡ് ജമാഅത്തിന്റെ ആവശ്യങ്ങള്‍ക്ക് ഒരു പരിധി വരെ ആ ഹാള്‍ മതിയായിരുന്നു. എന്നിരുന്നാലും അതിനെ മസ്ജിദ് എന്നു പറയാന്‍ പറ്റില്ലായിരുന്നു. പള്ളി എന്ന നിലക്ക് ഈ പ്രദേശത്ത് അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്ന ആദ്യത്തെ പള്ളി ഇതാണ്. ഈ പള്ളിയെ കുറിച്ച്, ഞാന്‍ ഇത് കാണുന്നതിനുമുന്‍പേ എന്നോട് പറഞ്ഞിരുന്നത് പ്രധാന റോഡില്‍ നിന്നും പള്ളിയിലേക്ക് നോക്കുമ്പോള്‍ വളരെ സുന്ദരമായ കാഴ് ചയാണ് എന്നാണ്. ഇതിന്റെ ടെറസ്സില്‍നിന്ന് നോക്കിയാല്‍ മുഴുവന്‍ പട്ടണവും കാണാവുന്നതാണ്. പട്ടണവാസികള്‍ ഈ പള്ളി കാണുന്നുണ്ടാവും. വിവിധ മുസ്‌ലിം കക്ഷികളുടെ പള്ളികള്‍ ഇവിടെയൊക്കെയുണ്ട്. ഏതായിരുന്നാലും നമുക്ക് പള്ളി നിര്‍മ്മിക്കാന്‍ അല്ലാഹു തആല തന്നിരിക്കുന്ന ഈ സ്ഥലം ഈ പ്രദേശത്തെ ഉയര്‍ന്ന സ്ഥലമാണ്. അതുകൊണ്ട് ഈ പള്ളിക്ക് പ്രത്യേകമായ ഒരു പ്രാധാന്യമുണ്ട്. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണ്. ഒരു കാര്യത്തെ കുറിച്ച് ഉറച്ച തീരുമാനമെടുത്തു കഴിഞ്ഞാല്‍ അല്ലാഹുവും അതിന് സഹായിക്കുന്നു എന്ന അടിയുറച്ച വിശ്വാസം ബ്രാഡ് ഫോര്‍ഡിലുള്ള നിങ്ങള്‍ക്കും വന്നിരിക്കും. പള്ളി നിര്‍മ്മിക്കണം എന്ന ദൃഢനിശ്ചയം നിങ്ങള്‍ ചെയ്തപ്പോള്‍ അല്ലാഹു നിങ്ങളെ സഹായിക്കുകയും ചെയ്തു.

ഈ പ്രദേശത്ത് മറ്റ് ചില പള്ളികള്‍ കൂടി നിര്‍മ്മിച്ചിട്ടുണ്ട്. ചിലത് നിര്‍മ്മാണ ഘട്ടത്തിലാണ്. ആ പള്ളികളെ കുറിച്ചും ഈ ജുമുഅയില്‍ ചില കാര്യങ്ങള്‍ പറയാന്‍ ഞാന്‍ ആഗ്രഹിക്കുന്നു. ഷെഫീല്‍ഡില്‍ ഒരു പള്ളി നിര്‍മ്മിച്ചിട്ടുണ്ട്. നാളെ ഇന്‍ശാ അല്ലാഹ് അതിന്റെ ഉദ്ഘാടനം നടക്കുന്നതാണ്. ജുമ്അ യുടെ അവസരം അവിടെ ലഭിക്കാത്തതുകൊണ്ടാണ് ഇന്ന് തന്നെ ഞാന്‍ പറയുന്നത്. ഇതുകൂടാതെ രണ്ട് സെന്ററുകള്‍ വാങ്ങാനുള്ള തൗഫീഖും നിങ്ങള്‍ക്ക് ലഭിച്ചു.

ലോകത്തുള്ള അഹ്മദികളുടെ അറിവിലേക്കായി ഈ പള്ളിയുടെ വിശദാംശങ്ങള്‍ ഞാന്‍ കേള്‍പ്പിക്കുകയാണ്. 1962-ലാണ് ഇവിടെ ജമാഅത്ത് സ്ഥാപിതമായത്. 1967-ല്‍ ഖലീഫത്തുല്‍ മസീഹ് സാലിസ് (റഹ്) ഇവിടെ വന്നിരുന്നു. 1973-ലും അദ്ദേഹം ഇവിടം സന്ദര്‍ശിച്ചു. 1979-ലാണ് ഇപ്പോഴുള്ള സ്ഥലം വാങ്ങിയത്. 1982-ല്‍ ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് റാബിഅ് (റഹ്) ഇവിടെ വന്നിരുന്നു. 1989-ലും 1992-ലും അദ്ദേഹം ഇവിടെ വന്നിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുല്‍ മസീഹിന്റെ നിര്‍ദ്ദേശപ്രകാരമാണ് പള്ളിക്കായി ഇവിടെ സ്ഥലം അന്വേഷിച്ചത്. 2001-ല്‍ പള്ളിനിര്‍മ്മിക്കുവാനുള്ള അനുവാദം ലഭിച്ചിരുന്നു. 2004-ല്‍ ഇതിന്റെ ശിലാസ്ഥാപനം നടന്നു. 23 ലക്ഷം പൗണ്ടാണ് ഇതുവരെ ഈ പള്ളിക്കായി ചെലവായത്. ഇതില്‍ 600 ആളുകള്‍ക്ക് നമസ്കരിക്കാവുന്ന പുരുഷന്മാര്‍ക്കുള്ള ഒരു ഹാളും അത്ര തന്നെ സ്ത്രീകള്‍ക്ക് നമസ്കരിക്കാവുന്ന മറ്റൊരു ഹാളുമുണ്ട്. ഇതിന്റെ ജോലി ഏല്‍പ്പിക്കപ്പെട്ട കമ്പനിയെ കൂടാതെ നമ്മുടെ വളണ്ടിയര്‍മാരും ഇതിന്നായി വളരെയധികം അധ്വാനിച്ചിട്ടുണ്ട്. അല്ലാഹു ഇവര്‍ക്കെല്ലാവര്‍ക്കും പതിഫലം നല്‍കുമാറാകട്ടെ.

ഈ പള്ളി നിര്‍മ്മാണത്തിന്നായി ബ്രാഡ്ഫോര്‍ഡ് ജമാഅത്ത് മാത്രമല്ല പണം ചിലവഴിച്ചത്. ഇതിന് സാമ്പത്തിക സഹായം ചെയ്യാന്‍ യു.കെ ലജ്നയോടും യു.കെ ഖുദ്ദാമുല്‍ അഹ്മദിയ്യയോടും ഞാന്‍ പറഞ്ഞിരുന്നു. ഹാട്ട്ല്‍പൂള്‍ പള്ളി അന്‍സാറുല്ലയാണ് നിര്‍മ്മച്ചിരിക്കുന്നത്. ഈ പള്ളി നിര്‍മ്മാണത്തില്‍ ലജ്ന ഇമാഇല്ല അകമഴിഞ്ഞ് ചന്ദഃ നല്‍കിയിട്ടുണ്ട്. ഖുദ്ദാമുല്‍ അഹ് മദിയ്യയും ബ്രാഡ്ഫോര്‍ഡ് ലോക്കല്‍ ജമാഅത്തും ഇതിന്നായി ചന്ദഃ നല്‍കിയിട്ടുണ്ട്. അല്ലാഹു എല്ലാവര്‍ക്കും അതിനുള്ള പ്രതിഫലം നല്‍കുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ പള്ളിനിര്‍മ്മാണ കാര്യത്തില്‍ യു.കെ ജമാഅത്തിലും ഉണര്‍വ്വ് കാണുന്നുണ്ട്. ആദ്യമൊക്കെ വര്‍ഷങ്ങള്‍ കൂടുമ്പോഴാണ് ഒരു പള്ളി പണിയുന്നതും അതല്ലെങ്കില്‍ സെന്റര്‍ തുറക്കുന്നതും. എന്നാല്‍ പള്ളിയായി തന്നെ നിര്‍മ്മിക്കുന്ന

കാര്യത്തിൽ ഇവർ ഇപ്പോൾ ശ്രദ്ധ ചെലുത്തുന്നുണ്ട്. അല്ലാഹു ഇതിനെ നിലനിർത്തുമാറാകട്ടെ. ഇവർ ഇപ്പോൾ 25 മസ്ജിദുകൾ നിർമ്മിക്കുമെന്ന ടാർഗറ്റാണ് വെച്ചിരിക്കുന്നത്. അതവർക്ക് വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുമാറാകട്ടെ. യൂറോപ്പിൽ ഒരു വിഭാഗം എതിർപ്പിൽ മുന്നേറുമ്പോൾ യുവാക്കളിൽ ഒരു വിഭാഗം ഇസ്‌ലാമിനോട് താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ പാഠങ്ങൾ എന്താണെന്ന് അവർക്കറിയാം. വിശുദ്ധ ഖുർആനിൽ നിന്നും ചരിത്രത്തിൽ നിന്നും അവർ എല്ലാം പഠിക്കുന്നു. യൂറോപ്പിലെ മുസ്‌ലിം മുന്നേറ്റത്തെ കുറിച്ചും എല്ലാം അവർ മനസ്സിലാക്കുന്നു. എന്നാൽ അവർക്ക് വഴികാട്ടാൻ ആളില്ലാത്ത അവസ്ഥയാണ്. ജമാഅത്തിനെ കുറിച്ച് ഇവിടെ യൂറോപ്പിൽ പല സ്ഥലത്തും അറിയില്ല. ഇവർ മറ്റു മുസ്‌ലിം സംഘടനകൾ മുഖേന ഇസ്‌ലാമിലേക്ക് വരുമ്പോൾ അവർക്ക് തെറ്റായ വഴി സ്വീകരിക്കേണ്ടി വരുന്നു. ഫ്രാൻസിലെ പള്ളി ഉദ്ഘാടന വേളയിൽ ഒരു ജർമ്മൻ ഡിപ്ലോമാറ്റിനെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞത് ജർമ്മനിയിൽ യുവതലമുറ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ്.അവർ മുസ്‌ലിംകൾ ആകുകയാണെങ്കിൽ അഹ്മദി മുസ്‌ലിംകൾ ആകട്ടെ എന്നതാണെന്റെ തേട്ടം. കാരണം അവർക്ക് ശരിയായ പന്ഥാവിലൂടെ ചലിക്കാൻ സാധിക്കുമല്ലൊ!!!!. പള്ളി ഉദ്ഘാടനത്തോടുകൂടി നമ്മെ കുറിച്ച് പലരും അറിയാൻ തുടങ്ങുന്നു. തബ്‌ലീഗിനുള്ള പുതിയ മാർഗ്ഗങ്ങൾ തുറക്കപ്പെടുന്നതാണ്. അത് നാം പ്രയോജനപ്പെടുത്തുക.

അമീർ സാഹിബ് എനിക്ക് നൽകിയ റിപ്പോർട്ടിൽ യു.കെ ലജ്ന അവരുടെ വാഗ്ദാനം പൂർത്തിയാക്കി എന്നും ഖുദ്ദാമുൽ അഹ്മദിയ്യ പൂർത്തിയാക്കിയിട്ടില്ല എന്നുമാണ് പറയുന്നത്. ഖുദ്ദാമുൽ അഹ്മദിയ്യ പറയുന്നത് അവർ അവരുടെ വാഗ്ദാനം പൂർത്തിയാക്കി എന്നാണ്. എന്തായിരുന്നാലും അവർ വാഗ്ദാനം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ഈ പരാതി പരിഹരിച്ചു കൊടുക്കുക.

ഷെഫീൽഡിൽ 1985-ലാണ് ജമാഅത്ത് സ്ഥാപിതമായത്. ഇപ്പോൾ പള്ളി നിർമ്മിച്ചിരിക്കുന്ന സ്ഥലം 2006-ലാണ് നാം വാങ്ങിയത്. 5ലക്ഷം പൗണ്ട് ചെലവഴിച്ചുകൊണ്ടാണ് അവിടെ പള്ളി നിർമ്മിച്ചിരിക്കുന്നത്. 2006-ൽ വളരെ കുറച്ച് പേർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 200 ഓളം അംഗങ്ങൾ അവിടെയുണ്ട്. അവിടെ 300 ആളുകൾക്ക് നമസ്കരിക്കാനുള്ള സൗകര്യമുണ്ട്. ലെവിങ്ങ്ട്ടൻസ് പാർക്കിൽ ഒരു സെന്റർ വാങ്ങിയിട്ടുണ്ട്. ഒന്നര ഏക്കർ സ്ഥലം ഹഡർസ്ഫീൽഡിൽ വാങ്ങിയിട്ടുണ്ട്. ഇവിടെയും ഒരു പള്ളി അടുത്തുതന്നെ നിർമ്മിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അഹ്മദിയ്യാ ജമാഅത്തിൽ എല്ലായിടത്തും പള്ളി നിർമ്മാണത്തിൽ പ്രത്യേക താത്പര്യം ജനിച്ചതിന് നാം അല്ലാഹുവിന് നന്ദി രേഖപ്പെടുത്തേണ്ടതാണ്. ഈ സദ്പ്രവൃത്തിയിൽ യു.കെയിലുള്ളവരും പങ്കാളികളായി ത്തീർന്നിരിക്കുന്നു. ഞാൻ കേൾപ്പിച്ച ടാർഗറ്റ് പൂർത്തിയാക്കാൻ അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നൽകുമാറാകട്ടെ. എന്നാൽ ഒരു കാര്യം എപ്പോഴും ഓർത്തിരിക്കുക. ഭംഗിയുള്ള കെട്ടിടം നിർമ്മിച്ചതു കൊണ്ടുമാത്രം നമ്മുടെ കടമകൾ കഴിഞ്ഞു എന്ന് ചിന്തിക്കരുത്. ഈ ലോകത്ത് അല്ലാഹുവിന്റെ ഭവനം പണിതവർക്ക് സ്വർഗത്തിൽ അല്ലാഹു ഒരു വീട് നൽകും എന്ന് ഹദീസിൽ പറഞ്ഞതിന് നാം അവകാശികളായിത്തീരാൻ പള്ളി നിർമ്മിച്ചാൽ മാത്രം മതിയോ? പള്ളി നിർമ്മിക്കുക എന്നത് തീർച്ചയായും ഒരു സൽപ്രവൃത്തി തന്നെയാണ്. അത് അല്ലാഹുവിന് വളരെ ഇഷ്ടവുമാണ്. അതുകൊണ്ട് പരലോകത്ത് അവന് ഒരുവീട് ഉണ്ടാക്കിക്കൊടുക്കും എന്ന സുവാർത്ത അല്ലാഹു നൽകിയിരിക്കുന്നത്. എന്നാൽ ഏതൊരു ആവശ്യത്തിന്നായാണോ ഈ പള്ളിനിർമ്മിക്കാൻ അല്ലാഹു പറഞ്ഞിരിക്കുന്നത് ആ ആവശ്യങ്ങൾ പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ നിയ്യത്തുകളെ പരിപാവനമാക്കിക്കൊണ്ട് ഈ ഒരു വികാരം നാം നമ്മിൽ ഉണ്ടാക്കിയെടുക്കേണ്ടതാണ്.

ഹൃദയത്തിന്റെ ഉള്ളറകളറിയുന്ന അല്ലാഹുവിന്നറിയാം ഇന്ന വ്യക്തി ഒരു പ്രവൃത്തി ചെയ്യുമ്പോൾ അവന്റെ ഉദ്ദേശ്യം എന്താണെന്ന്. അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ടാണ് ഈ പള്ളി നിർമ്മിക്കുന്നത് എന്ന വികാരം ഹൃത്തടത്തിൽ നിറഞ്ഞിരിക്കണം. അല്ലാഹുവിനോടുള്ള കടപ്പാടുകൾ നിർവ്വഹിക്കാനും സമസൃഷ്ടികളോടുള്ള കടപ്പാടുകൾ നിർവ്വഹിക്കാനുമാണ് ഈ പള്ളി നിർമ്മിക്കുന്നതിന്റെ പിന്നിലുള്ള വികാരം എന്ന നിയ്യത്ത് ഹൃദയത്തിൽ നിറഞ്ഞിരിക്കേണ്ടതാണ്. മസീഹെ മുഹമ്മദിയുടെ ദാസരായതുകൊണ്ട് മസ്ജിദ് നിർമ്മാണാവസരത്തിൽ ഈ ഒരു വികാരമായിരിക്കും ഓരോ അഹ്മദിയുടെയും ഹൃദയത്തിൽ ഉണ്ടാവുക എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ ഒരു വികാരമില്ലെങ്കിൽ അല്ലാഹു പരലോകത്ത് വീട്നൽകും എന്ന സുവാർത്ത നമുക്കായി നടപ്പിലാകില്ല. മാത്രമല്ല മറ്റ് ഉദ്ദേശ്യത്തിന് നിർമ്മിച്ചിരിക്കുന്ന പള്ളികൾ ഈ ലോകത്ത് വെച്ച് തന്നെ ഇടിച്ചുപൊളിച്ച് നിരത്തിക്കളയാനാണ് അല്ലാഹു കൽപ്പിച്ചിരിക്കുന്നത്.

റസൂൽ (സ.അ) തിരുമേനിയുടെ കാലത്ത് ലോകത്തെ വഞ്ചിക്കുന്നതിന്നായി ഇസ്‌ലാമിന്റെ വൈരികളും കപടവിശ്വാസികളും ഒരു പള്ളി നിർമ്മിച്ചിരുന്നു. അതിനെ ഇടിച്ചുനിരത്താൻ അല്ലാഹു കൽപ്പിക്കുകയുണ്ടായി. ഇതിനെ പരാമർശിച്ചുകൊണ്ട് അല്ലാഹു പറയുന്നു;

وَالَّذِينَ اتَّخَذُوا مَسْجِدًا ضِرَارًا وَكُفْرًا وَتَفْرِيقًا بَيْنَ الْمُؤْمِنِينَ وَإِرْصَادًا لِمَنْ حَارَبَ اللَّهَ وَرَسُولَهُ مِنْ قَبْلُ ۚ وَلَيَحْلِفُنَّ إِنْ أَرَدْنَا إِلَّا الْحُسْنَىٰ ۖ وَاللَّهُ يَشْهَدُ إِنَّهُمْ لَكَاذِبُونَ ﴿﴾ لَا تَقُمْ فِيهِ أَبَدًا ۚ لَمَسْجِدٌ أُسِّسَ عَلَى التَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَنْ تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَنْ يَتَطَهَّرُوا ۚ وَاللَّهُ يُحِبُّ الْمُطَّهِّرِينَ ﴿﴾ أَفَمَنْ أَسَّسَ بُنْيَانَهُ عَلَىٰ تَقْوَىٰ مِنَ اللَّهِ وَرِضْوَانٍ خَيْرٌ أَمْ مَنْ أَسَّسَ بُنْيَانَهُ عَلَىٰ شَفَا جُرُفٍ هَارٍ فَانْهَارَ بِهِ فِي نَارِ جَهَنَّمَ ۗ وَاللَّهُ لَا يَهْدِي الْقَوْمَ الظَّالِمِينَ ﴿﴾

9:107-09

"ദ്രോഹിക്കുവാനും അവിശ്വാസത്തെ (സഹായിക്കുവാനും) വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുവാനും, അല്ലാഹുവിനോടും അവന്റെ ദൂതനോടും ഇതിനുമുൻപ് യുദ്ധം ചെയ്തവന് ഒരു താവളമാക്കുവാനും വേണ്ടി ഒരു പള്ളിയുണ്ടാക്കിയവരാണവർ. ഞങ്ങൾ നന്മയല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിട്ടില്ലെന്ന് അവർ ദൃഢസ്വരത്തിൽ സത്യം ചെയ്തുപറയും. അവർ കള്ളം പറയുന്നവർ തന്നെയാണെന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു."

"നീ അതിൽ ഒരിക്കലും നമസ്കരിക്കാൻ നിൽക്കരുത്. തീർച്ചയായും ആദ്യനാൾ മുതൽ തന്നെ ദൈവഭക്തിയിൻ മേൽ സ്ഥാപിക്കപ്പെട്ട ഒരു പള്ളിയാണ് നിനക്ക് നമസ്കരിക്കുന്നതിന്ന് ഏറ്റവും അർഹമായിട്ടുള്ളത്. പരിശുദ്ധിയാർജ്ജിക്കുവാൻ ആഗ്രഹിക്കുന്ന ചില ആളുകൾ ആ പള്ളിയിലുണ്ട്. പരിശുദ്ധി നേടുന്നവരെ അല്ലാഹു സ്നേഹിക്കുന്നു."

"അല്ലാഹുവിനെ കുറിച്ചുള്ള ഭയഭക്തിയിന്മേലും (അവന്റെ) തൃപ്തിയിൻ മേലും തന്റെ കെട്ടിടത്തിന്റെ അടിത്തറ സ്ഥാപിച്ചവനോ, അതല്ല ഇളകി വീഴാറായ മണൽ തിട്ടയുടെ വക്കത്ത് ഒരുവൻ തന്റെ കെട്ടിടത്തിന്റെ അസ്ഥിവാരം നിർമ്മിച്ചു, എന്നിട്ട് അവനെയും കൊണ്ട് അത് നരകാഗ്നിയിൽ ആപതിക്കുകയും ചെയ്തു- അങ്ങിനെയുള്ളവനോ ഉത്തമൻ? അല്ലാഹു അധർമ്മികളായ ആളുകളെ നേർവഴിയിലാക്കുകയില്ല." (10:107-109)

ഇക്കാലത്ത് അല്ലാഹുവിനെ ലോകർക്ക് പരിചയപ്പെടുത്തുന്നതിന്നായി അയക്കപ്പെട്ട മുഹമ്മദീ മസീഹിനെ അംഗീകരിച്ചവരാണെന്നാണ് നമ്മുടെ വാദം. ആ മഹാത്മാവിന്റെ ആഗമനോദ്ദേശ്യം സൃഷ്ടികളെ സ്രഷ്ടാവുമായി ബന്ധപ്പെടുത്തുകയും സൃഷ്ടികളെ അവരുടെ കടമകൾ നിറവേറ്റുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ്. നമ്മുടെ പള്ളികൾ ഒരിക്കലും ജനങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇടമോ കുഫ്റിന്റെ (നിഷേധത്തിന്റെ) അദ്ധ്യാപനങ്ങൾ നൽകുന്ന ഇടമോ ആവുകയില്ല. അതുമല്ലെങ്കിൽ വിശ്വാസികളുടെ ഇടയിൽ സ്പർദ്ധ ഉണ്ടാക്കുന്ന ഇടങ്ങളോ അല്ലാഹുവിന്റെയും അവന്റ റസൂലിന്റെയും എതിരാളികളുടെ ഒളിത്താവളങ്ങളോ ഒരിക്കലും ആകില്ല. അതുകൊണ്ട് നമ്മിൽ നിന്ന് ഒരിക്കലും ദ്രോഹങ്ങൾ ഉണ്ടാകാത്തതുകൊണ്ട് നമ്മുടെ സമീപവാസികൾക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശം വളരെ വിപുലമായ രീതിയിൽ ഈ പള്ളി നിർമ്മാണത്തിനുശേഷം നാം എത്തിക്കാൻ ശ്രമിക്കേണ്ടതാണ്. ലോകത്തിന് പ്രയാസങ്ങളിൽനിന്നും പ്രതിസന്ധികളിൽനിന്നും മോചനം നൽകേണ്ട തിരുനബി (സ) ന്റെ ശിഷ്യത്വത്തിൽ വരേണ്ട ആ വാഗ്ദത്തപരിഷ്കർത്താവ് വന്നിരിക്കുന്നു എന്നും അദ്ദേഹത്തിൽ വിശ്വസിച്ചവരാണ് നാമെന്നുമുള്ള സന്ദേശം നാം പ്രചരിപ്പിക്കണം. ഞങ്ങൾ സ്നേഹത്തിന്റെയും പ്രേമത്തിന്റെയും ദീപം ജനഹൃദയങ്ങളിൽ ജ്വലിപ്പിക്കുന്നവരാണ്. "അല്ലാഹു എന്നെ അയച്ചിരിക്കുന്നത് സത്യത്തിന്റെ പ്രകാശം മുഖേന മതയുദ്ധങ്ങൾ അവസാനിപ്പിച്ചുകൊണ്ട് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് " എന്ന് വാദിച്ച ആ മസീഹിന്റെ ശിഷ്യരാണ് ഞങ്ങൾ. അതുകൊണ്ട് ഞങ്ങളുടെ മസ്ജിദുകൾ ഈ അദ്ധ്യാപനങ്ങളുടെ പ്രചരണ കേന്ദ്രങ്ങ ളായിരിക്കും. ഇത് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉറവിടങ്ങളായിരിക്കും. സഹവർത്തിത്വത്തിന്റെ കരങ്ങൾ നീട്ടികൊണ്ട് ലോകത്ത് സമാധാനസ്ഥാപനത്തിന്നായി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ് ഞങ്ങൾ. ലോകത്തിന്റെ പ്രയാസങ്ങൾ ദൂരീകരിക്കാനായി ഞങ്ങൾ മുൻപും ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്. ഇനിയും ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതാണ്. ലോകത്തിന്റെ ഞെരുക്കങ്ങളും കഷ്ടതകളും അകറ്റുന്ന സംഘടനകളിൽ പ്രഥമസ്ഥാനത്തുനിൽക്കുന്ന സംഘടന എന്ന നിലയിലാണ് ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് അറിയപ്പെടുന്നത്. ഞങ്ങൾ സമാധാന കാംക്ഷികളാണെന്ന് ഞങ്ങളെ അറിയുന്നവർക്കറിയാം. സൃഷ്ടിസേവനരംഗത്തുള്ള ഞങ്ങളുടെ പ്രവർത്തനം നിർലോഭമായതുകൊണ്ട് ഇക്കാര്യത്തിൽ ഒന്നാം സ്ഥാനത്ത് ഞങ്ങളാണെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഒരു വിവേചനവും കാണിക്കാതെ സേവനത്തിന് അവസരം കിട്ടുന്ന സ്ഥലങ്ങളിലെല്ലാം നാം സേവനം ചെയ്യുന്നുണ്ട്. ഹ്യൂമാനിറ്റി ഫസ്റ്റ് മുഖേന ആഫ്രിക്കയിലും ദ്വീപുകളിലും സൗത്ത് അമേരിക്കയിലും നാം സേവനം ചെയ്യുന്നു. അഹ്മദികളുടെ എഞ്ചിനീയറിങ്ങ് അസോസിയേഷൻ മുഖേനയും സേവനം നടത്തിവരുന്നു. യു.കെ യിലുള്ളവർ അതിൽ കൂടുതൽ പങ്കാളികളായിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഫ്രിക്കയിലും മറ്റുസ്ഥലങ്ങളിലും ഇതിന്റെ സേവനം ലഭ്യമാണ്. ജനങ്ങളുടെ പ്രയാസം നീക്കുന്നതിന്നായുള്ള സേവനമാണ് നാം ലക്ഷ്യമിടുന്നത്. കുടിവെള്ളം ലഭിക്കാത്തവർക്ക് കുടിവെള്ള പദ്ധതി നാം ആവിഷ്കരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ സൃഷ്ടിസേവന രംഗത്ത് വിവിധ വകുപ്പുകളിലായി അഹ്മദിയ്യാ ജമാഅത്ത് സേവനമനുഷ്ടിച്ചുവരുന്നു.

അല്ലാഹുവിന്നായി നിർമ്മിക്കപ്പെടാത്ത പള്ളിയുടെ

ഒരു ദൃശ്യം ഞാൻ ഓതിയ ആയത്തിൽ അല്ലാഹു പറയുന്നത് അത് കുഫ്റിന്റെ പ്രചാരണകേന്ദ്രമായിരിക്കുമെന്നാണ്. എന്നാൽ നമ്മുടെ പള്ളികൾ ഏകനായ അല്ലാഹുവിനെ ആരാധിക്കാനായാണ് നിർമ്മിച്ചിട്ടുള്ളത്. ഏകനായ അല്ലാഹുവിനെ ആരാധിക്കുക എന്ന ജീവിത ലക്ഷ്യം പൂർത്തിയാക്കാനാണ് നമ്മുടെ പള്ളികൾ നിർമ്മിക്കുന്നത്. ഈ പ്രദേശത്ത് മുസ്‌ലിംകളുടെ വിവിധ വിഭാഗങ്ങളും അവരുടെ പള്ളികളുമുണ്ട്. അതിൽ ഒരു വിഭാഗത്തിന്ന് നാം പള്ളി ഉണ്ടാക്കുന്നത് ഇഷ്ടപ്പെട്ടിട്ടില്ല. അതുകൊണ്ട് നിർമ്മാണ സമയത്ത് ചിലർ നമുക്ക് നഷ്ടങ്ങൾ വരുത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ഈ പ്രവൃത്തി നമ്മെ അല്ലാഹുവിനെ ആരാധിക്കുന്നതിൽ കൂടുതൽ ശ്രദ്ധയുള്ളവരാക്കി മാറ്റണം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു;

"നിഷ്കപടവും പ്രോജ്ജ്വലവുമായ തൗഹീദ്, എല്ലാതരം ശിർക്കുകളിൽനിന്നും മുക്തമായ തൗഹീദ് ഇന്ന് ലോകത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ സ്ഥായിയായ വൃക്ഷം സമൂഹത്തിൽ നട്ടുപിടിപ്പിക്കാനതിന്നായാണ് ഞാൻ വന്നിരിക്കുന്നത്."

ലോകത്ത്നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ട പാവനമായ തൗഹീദിന്റെ പുനസ്ഥാപനവും ഒരിക്കലും ഉണങ്ങാത്ത അതിന്റെ വൃക്ഷം നടുന്നതിന്നും വേണ്ടിയാണ് ആ മഹാത്മാവ് ആഗതനായിരിക്കുന്നത്. ഈ കാര്യം നാമെപ്പോഴും മുന്നിൽ കാണേണ്ടതാണ്. ആ വൃക്ഷം എപ്പോഴും ഹരിതാഭമായിരിക്കണം. ആ വൃക്ഷത്തിന്റെ ശാഖകളാണെന്നാണ് നമ്മുടെ വാദം. നാം പച്ചളിപ്പുള്ള ശാഖകളായിരിക്കുന്നിടത്തോളംകാലം തൗഹീദിന്റെ തേട്ടം പൂർത്തിയാക്കുന്നവരായിമാറും. ഈ വൃക്ഷവുമായുള്ള നമ്മുടെ ബന്ധം നിലനിൽക്കുകയും ചെയ്യും. അല്ലെങ്കിൽ ഉണങ്ങിയ ശാഖകളെ പോലെ ഇതിൽനിന്നും അകറ്റപ്പെടുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ച നാം പള്ളികൾ നിർമ്മിക്കുന്നത് അല്ലാഹുവിനെ ആരാധിക്കാനാണെന്ന് നമുക്കിടയിലും അന്യരിലും നമ്മുടെ വാക്കിലൂടെയും പ്രവർത്തനത്തിലൂടെയും തെളിയിച്ചുകാട്ടേണ്ടതാണ്. ശിർക്കിന്റെ നിർമ്മാർജ്ജനത്തിനായി ഏതുവിധ ത്യാഗവും വരിക്കാൻ നാം സന്നദ്ധരാണെന്നും അവർക്ക് മനസ്സിലാകണം.

അല്ലാഹു പറയുന്നു; മുഅ്മിനീങ്ങൾക്കിടയിൽ ഭിന്നത ഉണ്ടാക്കുന്നവർക്ക് പള്ളിനിർമ്മിക്കുവാനുള്ള അവകാശമില്ല. ഞങ്ങൾ സ്നേഹത്തിന്റെ ദ്വജവാഹകരാണെന്ന സന്ദേശം ഓരോ അഹ്മദിയുടെയും വാക്കും പ്രവൃത്തിയും സാക്ഷ്യം വഹിക്കേണ്ടതാണ്. നാം ഹൃദയങ്ങളെ കൂട്ടിയിണക്കുന്നവരും കുഴപ്പങ്ങൾ ലോകത്ത്നിന്ന് നിർമ്മാർജനം ചെയ്യുന്നവരും പ്രത്യേകിച്ച് തന്റെ സമൂഹത്തിൽനിന്നും തന്നിൽനിന്നും ഇല്ലാതാക്കുന്നവരും പരസ്പരം സ്നേഹത്തിന്റെ ദീപം തെളിയിക്കുന്നവരുമാണെന്ന് ലോകം അറിയുമാറാകണം. അപ്പോഴായിരിക്കും തഖ്‌വയിൽ സ്ഥാപിതമായ പള്ളിയുടെ ഉദ്ദേശ്യങ്ങൾ നമ്മുടെ ഈ പള്ളി മുഖേനയും സാധ്യമാകുകയുള്ളൂ. അങ്ങിനെയാകുമ്പോൾ മാത്രമേ മറ്റുള്ളവരുടെ ഹൃദയത്തിൽ നമ്മുടെ തബ്‌ലീഗ് പ്രവർത്തനം ചലനമുണ്ടാക്കുന്നതിന്നും തെറ്റിദ്ധാരണമൂലവും തെറ്റായ നേതൃത്വം മൂലവും സന്ദേഹത്തിലകപ്പെട്ടുകൊണ്ട് നമ്മെ എതിർക്കുന്ന മുസ്‌ലിംകളുടെ ഹൃദയം വിജയിച്ചടക്കുന്നതിനും നമുക്ക് സാധിക്കുകയുള്ളൂ. കാരണം ഇക്കാലത്ത് തിരുനബി (സ.അ) ന്റെ പ്രേമിയായ വാഗ്ദത്ത മസീഹ് മുഖേന മാത്രമേ മുസ്‌ലിം സമൂഹം ഏകസമൂഹമായിത്തീരുകയുള്ളൂ.

അതുകൊണ്ട് വിശ്വാസികളുടെ യഥാർത്ഥ ജീവിത മാതൃക നിലനാട്ടേണ്ടത് മസീഹെ മുഹമ്മദിയുടെ ജമാഅത്തിന്റെ കടമയാണ്. അല്ലാഹുവിന്റെയും അവന്റെ റസൂലി ന്റെയും അദ്ധ്യാപനങ്ങൾ സ്വന്തം ജീവിതത്തിൽ പകർ ത്തേണ്ടതും അവരുടെ കടമയാണ്.തഖ്‌വയിൽ പദമൂന്നുന്നവരായി നാം മാറണം. അപ്പോഴാണ് ഈ പള്ളിയും തഖ്‌വയുടെ അടിത്തറയിൽ നിർമ്മിച്ചതായി ത്തീരുക. തഖ്‌വയുടെ അടിത്തറയിൽ നിർമ്മിക്കപ്പെടാത്ത പള്ളികൾ അഗ്നിയിൽ ആപതിക്കുന്നതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇതിനെ ഈ രീതിയിലാണ് വിശദീകരിച്ചത്. പുഴയുടെ തീരം പുഴയിൽ തന്നെ പതിക്കുന്നു. (അങ്ങിനെ പുഴ വലുതായിത്തീരുന്നു) അതേപോലെ കാപട്യത്തിന്റെ തീരം അഗ്നിയിൽ വീഴുന്നു. അല്ലാഹുവിന്റെ പ്രീതിക്കായി നിർമ്മിക്കപ്പെടാത്ത പള്ളികൾ അഗ്നികുണ്ഢത്തിന്റെ വക്കിൽ നിർമ്മിച്ച കെട്ടിടം പോലെയാണ്. അത് അതിലേക്ക് തന്നെ വീഴുന്നതാണ്. നാം കാപട്യത്തിൽനിന്ന് മുക്തരായി അല്ലാഹുവിന്റെ പ്രീതിക്കായി മാത്രം പ്രവർത്തിക്കുന്നവരായിരിക്കണം. പള്ളിനിർമ്മാണത്തിനായി ത്യാഗം ചെയ്യുന്നവർക്ക് സ്വർഗ്ഗത്തിൽ ഒരു വീട് നിർമ്മിക്കുന്നതിന് ഉതകുന്നതായിരിക്കണം നമ്മുടെ ഓരോ പള്ളികളും.

പ്രസ്തുത വചനത്തിൽ അല്ലാഹു പറയുന്നത് വിശ്വാസികളെ വേദനിപ്പിക്കുന്നതിന് ഇതിനു മുൻപ് പ്രവർത്തിച്ചവരുടെ പ്രവർത്തനം പാഴായിപ്പോയിട്ടുണ്ട്. അതുപോലെ ഇന്നും യഥാർത്ഥവിശ്വാസത്തിന്റെ ഉത്തമ മാതൃക നിലനാട്ടിക്കൊണ്ട് തഖ്‌വയിൽ നിലനിൽക്കുകയാണെങ്കിൽ അല്ലാഹു വിശ്വാസികളുടെ ജമാഅത്തിന്നെതിരിലുള്ള എല്ലാതരം എതിർപ്പുകളും പ്രയാസങ്ങളും പാഴാക്കിക്കളയുന്നതാണ്. എന്നാൽ വിശ്വാസികൾ തഖ്‌വയിൽ നിർമ്മിക്കപ്പെട്ട മസ്ജിദുന്നബവിയെ എപ്പോഴും ഓർക്കേണ്ടതാണ്. അതിന്റെ പിന്നിൽ വിനയവും ദുആയുമാണ് പ്രവർത്തിച്ചിരുന്നത്. തഖ്‌വ സ്ഥാപിക്കുവാനാണ് ആ പള്ളി നിർമ്മിച്ചിരുന്നത്. അതുകൊണ്ട് തിരുനബി (സ.അ) യും സഹാബത്തും മസ്ജിദുന്നബവി നിർമ്മിക്കുമ്പോൾ പ്രകടിപ്പിച്ച ആ മാതൃക എപ്പോഴും വിശ്വാസികളുടെ സ്മൃതി പഥത്തിൽ

ഉണ്ടായിരിക്കേണ്ടതാണ്. അതില്ലെങ്കിൽ ദൈവസാമീപ്യം പ്രാപിക്കാൻ ഈ പള്ളികൾ ഉതകുന്നതല്ല. അതിനാൽ ഹൃദയത്തെ പരിശുദ്ധമാക്കേണ്ടതും വിനയം സ്വായത്തമാക്കുന്നതിന് തഖ്‌വയിൽ പദമൂന്നേണ്ടതും അനുപേക്ഷണീയമാണ്.

എന്താണ് തഖ്‌വ? ആരാണ് മുത്തഖി? ഇത് സംബന്ധമായി ഹദ്‌റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, "അല്ലാഹുവിന്റെ ഭയം നിമിത്തം അവനെ പ്രീതിപ്പെടുത്തുന്നതിന്നായി ആരാണോ എല്ലാവിധ തിന്മകളിൽനിന്നും രക്ഷപ്പെടുന്നത് അവനെയാണ് മുത്തഖി എന്ന് പറയുന്നത്. "

മറ്റൊരുസ്ഥലത്ത് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, "വിശുദ്ധ ഖുർആൻ തഖ്‌വയെകുറിച്ചാണ് പാഠം നൽകുന്നത്. അതിന്റെ അവതരണത്തിന്റെ അടിസ്ഥാന ലക്ഷ്യവും അതുതന്നെയാണ്. മനുഷ്യർ തഖ്‌വ സ്വീകരിക്കുന്നില്ലെങ്കിൽ അവന്റെ നമസ്കാരം ഫലശൂന്യവും നരകത്തിന്റെ താക്കോലുമായിത്തീരുന്നതാണ്."

ഇവിടെ നമസ്കാരത്തെ കുറിച്ച് പറഞ്ഞത് അത് ഫലശൂന്യമാകും എന്ന് മാത്രമല്ല നരകത്തിലേക്ക് കൊണ്ടുപോകാൻ കാരണവുമായിത്തീരും എന്നുമാണ്. നമ്മുടെ നമസ്കാരങ്ങൾ ഇവ്വിധമല്ലാതിരിക്കട്ടെ. അതുകൊണ്ട് പള്ളിനിർമ്മിക്കുമ്പോൾ നിയ്യത്ത് ശുദ്ധമായിരിക്കണം. പള്ളിക്കുവേണ്ടി സഹായം നൽകുന്നവർ എല്ലാവിധ ഫിത്‌നകളിൽനിന്നും മുക്തരാകട്ടെ.

മറ്റൊരുസ്ഥലത്ത് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) പറയുന്നു; "തഖ്‌വ ഇല്ലാത്തിടത്ത് സൽപ്രവർത്തന ങ്ങളും ഉണ്ടാവില്ല. ഒരു നന്മയും നന്മയായിരിക്കുകയുമില്ല."

അതുകൊണ്ട് ദൂരെനിന്നും വ്യക്തമായി കാണാൻ കഴിയുന്ന സുന്ദരമായ പള്ളിനിർമ്മിച്ചിരിക്കുന്നു എന്നതുകൊണ്ട് മാത്രം നാം സന്തുഷ്ടരാകരുത്. നാം തഖ്‌വയിൽ നിലനിന്നുകൊണ്ട് ഈ പള്ളിയുടെ നിർമ്മാണോദ്ദേശ്യം പൂർത്തിയാക്കുന്നവരായി തീരുമ്പോഴാണ് ഇതിന്റെ യഥാർത്ഥ സൗന്ദര്യം പ്രകടമാകുന്നത്. അതുകൊണ്ട് ഓരോ അഹ്‌മദിയും തങ്ങളുടെ നമസ്കാരം പൂർണ്ണമായും അല്ലാഹുവിനുവേണ്ടി ആക്കാൻ ശ്രമിക്കുക. ആദ്യത്തേക്കാളുപരി പരസ്പര സ്നേഹവും സാഹോദര്യവും വർദ്ധിപ്പിക്കുവാനും ശ്രമിക്കുക. അല്ലാഹുവിന്റെ പ്രീതിക്കായി മറ്റുള്ളവരുടെ ന്യൂനതകളും തെറ്റുകളും അവഗണിക്കുകയും അത് പൊറുത്തുകൊടുക്കുകയും ചെയ്യുക. തങ്ങളുടെ ഹൃദയങ്ങളെ എല്ലാവിധ വിദ്വേഷങ്ങളിൽനിന്നും പകയിൽനിന്നും പരിശുദ്ധമാക്കുക. സ്വന്തക്കാരുടെയും അന്യരുടെയും അവകാശങ്ങൾ നൽകുന്നവരായി മാറേണ്ടതാണ്. ഹൃദയത്തിൽ വിനയഭാവം ഉണ്ടാക്കുക. ഈ ഒരവസ്ഥ നാം കരഗതമാക്കിക്കഴിഞ്ഞാൽ പള്ളിനിർമ്മാണം മുഖേന സ്വർഗ്ഗത്തിൽ വീട് ലഭിക്കുന്നവരായി നാം മാറുന്നതാണ്. നമ്മുടെ നമസ്കാരം ഇത്തരുണത്തിൽ അല്ലാഹുവിന്റെ പ്രീതി ആകർഷിക്കുന്നതായി തീരുന്നതാണ്. അല്ലാഹു നമുക്ക് ഈ സ്ഥാനം കൈവരിക്കുവാനും അതിൽ നിലനിൽക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ.

ഞാൻ നേരത്തേ പാരായണം ചെയ്ത വചനങ്ങളിൽ വിശ്വാസികൾക്ക് രണ്ട് കൽപ്പനകളാണ് നൽകുന്നത്. വിശുദ്ധ ഖുർആനിൽ തുടക്കം മുതൽ അവസാനം വരെ ഇവരണ്ടും വിവരിച്ചിട്ടുണ്ട്. അതിലൊന്ന് നമസ്കാരം നിലനിർത്തുന്നതിനെ കുറിച്ചാണ്. ഇതുസംബന്ധമായി ഞാൻ അൽപ്പം പറഞ്ഞു കഴിഞ്ഞതാണ്.

നമസ്കാരത്തിന്റെ യാഥാർത്ഥ്യത്തെകുറിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) പറയുന്നു;

"എന്താണ് നമസ്കാരം? തസ്ബീഹ് (സുബ്ഹാനല്ലാഹ്)തഹ്‌മീദ് (അൽഹംദുലില്ലാഹ്) തഖ്‌ദീസ് (അല്ലാഹുവിന്റെ വിശുദ്ധിയെ വാഴ്ത്തുക) ഇസ്തിഗ്ഫാർ (പാപമോചനം) സ്വലാത്ത് എന്നിവ മുഖേന അർത്ഥിക്കപ്പെടുന്ന പ്രാർത്ഥനയാണ് നമസ്കാരം. അതുകൊണ്ട് നിങ്ങൾ നമസ്കരിക്കുമ്പോൾ അജ്ഞരെപ്പോലെ അറബിപദങ്ങൾ മാത്രം മന്ത്രിക്കുന്നവരായി മാറരുത്. കാരണം അവരുടെ നമസ്കാരവും പാപമോചനവും എല്ലാം വെറും ചടങ്ങ് മാത്രമാണ്. അതിൽ ഒരു കഴമ്പുമില്ല.എന്നാൽ നിങ്ങൾ നമസ്കരിക്കുമ്പോൾ അല്ലാഹുവിന്റെ വചനമായ വിശുദ്ധ ഖുർആനിലെ വചനങ്ങളും തിരുനബിയുടെ വചനങ്ങളായ പ്രാർത്ഥനകളും ഒഴിച്ച് ബാക്കി നിങ്ങളുടെ എല്ലാ ദുആകളും സ്വന്തം ഭാഷയിൽ വേദന തിങ്ങുന്ന വാക്കുകളിൽ അല്ലാഹുവിനോട് തേടുക. ഇതുമുഖേന നിങ്ങളുടെ ഹൃദയത്തിൽ വിനയത്തിന്റെ സ്വാധീനം ഉണ്ടായിത്തീരുന്നതാണ്."

ഈ സ്വാധീനം ഹൃദയത്തിൽ ഉണ്ടാകുമ്പോൾ തഖ്‌വയുടെ നില മെച്ചപ്പെടാൻ തുടങ്ങുന്നതാണ്. പള്ളിനിർമ്മാണത്തോടുകൂടി ജമാഅത്തിന്റെ സന്ദേശം പലസ്ഥലത്തും വ്യാപിക്കുന്നതായിട്ടാണ് നാം കണ്ടുവരുന്നത്. അതിനാൽ നിങ്ങളുടെ ഉത്തരവാദിത്വങ്ങളും ഇവിടെ വർദ്ധിക്കുകയാണ്. തബ്‌ലീഗിനായുള്ള പുതിയ മാർഗ്ഗങ്ങൾ തുറക്കപ്പെടുന്നതാണ്. ഇതിന്നായി നിങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്തേണ്ടതായി വരും. എന്നാൽ മാത്രമേ അല്ലാഹുവിന്റെ ഔദാര്യത്തിന്റെ മഴ ആദ്യത്തെക്കാളുപരി നിങ്ങളിൽ വർഷിക്കുകയുള്ളൂ. ഈ നമസ്കാരം മുഖേന സ്വയം നന്നാകുന്നതോടൊപ്പം അഹ്‌മദിയ്യത്തിന്റെ സന്ദേശം കൂടുതലായി എത്തിക്കുവാനുള്ള അവസരങ്ങളും ലഭിക്കുന്നതാണ്. അതിന്റെ നല്ല ഫലവും ലഭിക്കുന്നതായിരിക്കും. (ഇൻശാ അല്ലാഹ്)

ഈ ആയത്തിൽ പറഞ്ഞ രണ്ടാമത്തെ കാര്യത്തെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്.

ബ്രാഡ്ഫോർഡ് പള്ളിയുടെയും ഹാട്ട്ൽപൂൾ പള്ളിയുടെയും ശിലാസ്ഥാപന കർമ്മം ഒരു ദിവസത്തെ ഇടവേളയിലാണ് വെച്ചിരുന്നത്. ആദ്യം ബ്രാഡ്ഫോ

ർഡിന്റെ തറക്കല്ലിട്ടു. അടുത്ത ദിവസം ഹാട്ട്ൽപൂൾ പള്ളിക്കും തറക്കല്ലിട്ടു. ഹാട്ട്ൽപൂൾ പള്ളി രണ്ട് വർഷം മുൻപേ പൂർത്തിയാകുകയുണ്ടായി. ചെറുതായതുകൊണ്ട് അതിന്റെ പണി വേഗം പൂർത്തിയായി. ഹാട്ട്ൽപൂൾ പള്ളി ഉദ്ഘാടനം നടത്തിയപ്പോൾ അവിടെ ഞാൻ തഹ്‌രീഖ് ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തിയിരുന്നു. തഹ്‌രീഖ് ജദീദിന്റെ പുതുവർഷ പ്രഖ്യാപനം ലണ്ടനു വെളിയിൽ അവിടെ വെച്ചു മാത്രമെ ഞാൻ നടത്തിയിട്ടുള്ളൂ. എന്നാൽ ഇന്ന് ഈ പള്ളി ഉത്ഘാടനവേളയിലും തഹ്‌രീഖ് ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തപ്പെടുകയാണ്.

അഹ്‌മദിയ്യാ ജമാഅത്തിന്റെ ശത്രുക്കളുടെ ശത്രുതയിലുള്ള മുന്നേറ്റമാണ് തഹ്‌രീഖ് ജദീദ് പദ്ധതി തുടക്കം കുറിക്കാൻ കാരണമായത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഈ പദ്ധതി തുടങ്ങുമ്പോൾ ശത്രുക്കൾ ഈ ജമാഅത്തിനെ നശിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങി തിരിച്ചിരിക്കുകയായിരുന്നു. ഈ പദ്ധതി ആവിഷ്കരിച്ചതോടുകൂടി അഹ്‌മദിയ്യത്തിന്റെ തബ്‌ലീഗ് ഇന്ത്യക്ക് പുറത്തും ആദ്യത്തേക്കാളുപരി പ്രതാപത്തോടുകൂടി നടക്കുകയുണ്ടായി. ഇന്ന് നാം ഉത്ഘാടനം ചെയ്യുന്ന പള്ളികളും നാം തുടങ്ങുന്ന സെന്ററുകളും മിഷൻ ഹൗസുകളും ജമാഅത്തിന്റെ അംഗങ്ങളിലുള്ള വർദ്ധനവും എല്ലാം തന്നെ ആ പദ്ധതിയുടെ ഫലങ്ങളാണ്. അതുകൊണ്ട് പ്രത്യേക ആവേശത്തോടുകൂടി നിങ്ങളുടെ ദുആകളിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു എത്ര മാത്രമാണ് അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നത് എന്ന് നോക്കുക. തബ്‌ലീഗ് പ്രവർത്തനത്തിലും ധന ത്യാഗത്തിലും നിങ്ങൾ ആവേശത്തോടെ മുന്നേറുക. ഇതായിരിക്കും യഥാർത്ഥ അർത്ഥത്തിലുള്ള കൃതജ്ഞത പ്രകടിപ്പിക്കൽ. ശത്രുക്കളുടെ വായ അടപ്പിക്കുന്ന മറുപടിയും ഇതുതന്നെ.

ധനത്യാഗത്തെക്കുറിച്ചാണ് ഞാൻ രണ്ടാമതായി ഓതിയ ആയത്തിൽ അല്ലാഹു പറയുന്നത്. ധനം ചെലവഴിക്കുക എന്നതിന്റെ അർത്ഥം ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുക തന്നെയാണ് എന്ന് എല്ലാ ബുദ്ധിയുള്ളവർക്കും അറിയാവുന്നതാണ്. ഇതുമുഖേന തബ്‌ലീഗിന് ആവശ്യമായ നോട്ടീസുകളും സാഹിത്യങ്ങളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതാണ്. പള്ളികളും തബ്‌ലീഗ് സെന്ററുകളും പുതിയ മിഷനുകളും തുറക്കാൻ സാധിക്കുന്നതാണ്. അതു പോലെ മുബല്ലിഗുമാരെ വാർത്തെടുക്കാനും സാധിക്കുന്നതാണ്. ആദ്യം ഒരു ജാമിഅ മാത്രമാണുണ്ടായിരുന്നത് , ഖാദിയാനിൽ. പിന്നീട് റബ്‌വയിലും തുടങ്ങി. എന്നാൽ ഇപ്പോൾ കൂടുതൽ മുബല്ലിഗുമാരുടെ ആവശ്യം നേരിട്ടപ്പോൾ പല സ്ഥലങ്ങളിലും ജാമിഅകൾ തുടങ്ങിയിട്ടുണ്ട്. ജാമിഅകൾ ഉള്ള അനുഗൃഹീതനാടുകളിൽ ബ്രിട്ടനും ഉൾപ്പെടുന്നതാണ്.

ചുരുക്കത്തിൽ ധനം ചെലവഴിക്കാൻ അല്ലാഹു പറഞ്ഞത് ജമാഅത്തിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടിയാണ്. ഒരു ജോലി ചെയ്ത് തളർന്നിരിക്കരുത്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ നിരന്തരമായി നമസ്കരിക്കേണ്ട ആവശ്യമുള്ളതു പോലെ ധനത്യാഗം ചെയ്യേണ്ടതും നിർബന്ധമാണ്. ഒരു പ്രാവശ്യം ധനത്യാഗം ചെയ്തതുകൊണ്ട് മാത്രം ആയില്ല. ഒരു പള്ളി നിർമ്മിച്ചു എന്ന് കരുതി ധനത്യാഗത്തിൽ കുറവ് വരുത്തരുത്. അൽപ്പം നോട്ടീസുകൾ പ്രസിദ്ധീകരിച്ചതുകൊണ്ട് എല്ലാം ആയി എന്നും കണക്കുകൂട്ടരുത്. തബ്‌ലീഗിനായുള്ള പുതിയ മാർഗ്ഗങ്ങൾ തുറക്കപ്പെടുമ്പോൾ അതിന്റെ ചെലവിന്നായി ധനത്തിന്റെ ആവശ്യമുണ്ട്. ഈ പുതിയ മാർഗ്ഗങ്ങളിൽ ഒന്ന് എം.ടി.എ യാണ്. ഇവിടെനിന്ന് നേരിട്ട് ആദ്യമായാണ് ലോക ത്തെല്ലായിടത്തും ഖുത്ബ സംപ്രേക്ഷണം ചെയ്യുന്നത്. തബ്‌ലീഗ് രംഗത്ത് എം.ടി.എ വലിയ ഒരു പങ്കാണ് നിർവ്വഹിക്കുന്നത്. ഇതുമുഖേന അഹ്‌മദിയ്യത്തിനെ ലോകത്ത് പരിചയപ്പെടുത്താൻ സാധിക്കുന്നു എന്നുമാത്രമല്ല പല നാടുകളിലും പലസ്ഥലത്തും അഹ്‌മദിയ്യത്തിന്റെ, ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കൊണ്ടിരിക്കുകയാണ്. ചില പട്ടണങ്ങളിൽമാത്രം സന്ദേശം എത്തിച്ചതുകൊണ്ട് കാര്യമില്ല. നമുക്ക് ലോകത്തിലെ എല്ലാ നാടുകളിലും എല്ലാ ഗ്രാമങ്ങളിലും എല്ലാ തെരുവീഥികളിലും ഈ സന്ദേശം എത്തിക്കേണ്ടതായിട്ടുണ്ട്. അതിന്നായി ത്യാഗം ചെയ്യേണ്ടതായി വരും. ഈ ത്യാഗങ്ങൾ ചെയ്യണമെന്നുള്ളതുകൊണ്ടാണ് പ്രതിജ്ഞ ചെയ്യുമ്പോൾ എന്റെ ജീവനെയും മാനത്തെയും സമയത്തെയും എല്ലാം ത്യാഗം ചെയ്യാൻ ഞാൻ സന്നദ്ധനാണെന്ന് ഏറ്റു പറയുന്നത്. ഇതെല്ലാം തന്നെ അല്ലാഹുവന്റെ മതത്തിന്റെ സന്ദേശം എത്തിക്കുവാനും തിരുനബി (സ.അ) യുടെ പതാക ലോകത്തിന്റെ നെറുകയിൽ നാട്ടുന്നതിനും വേണ്ടിയാണ് നാം ചെയ്യുന്നത്. അഹ്‌മദീ സഹോദരന്മാരുടെ ഹൃദയത്തിൽ അല്ലാഹു സ്വയം ധനത്യാഗം ചെയ്യാനുള്ള ആവേശം ഇട്ടുകൊടുക്കുന്നു എന്നത് അവന്റെ ഔദാര്യമാണ്.

ഇന്ന് ലോകം സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നതെങ്കിൽകൂടി അല്ലാഹു അഹ്‌മദികളോടു പറയുന്നത് നിങ്ങളുടെ ഇബാദത്തുകളും ധനത്യാഗവും ഇതിന്റെ ദുഷ്ഫലങ്ങളിൽ നിന്നും നിങ്ങളെ രക്ഷിക്കുന്നതാണ് എന്നാണ്. ഒരു മുഅ്മിൻ എപ്പോഴും തന്റെ പര്യവസാനത്തെ കുറിച്ചായിരിക്കും ചിന്തിക്കുക. അത് ശരിയാകാൻ ഭൗതിക കച്ചവടമോ സുഹൃദ് ബന്ധമോ ഒരു പ്രയോജനവും ചെയ്യില്ല എന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടി ചെയ്ത ഇബാദത്തുകളും ധന ത്യാഗങ്ങളും മാത്രമേ പ്രയോജന പ്രദമായിത്തീരുകയുള്ളൂ. ധനത്യാഗ രംഗത്ത് അഹ്‌മദികൾ വളരെയധികം മുന്നേറിക്കൊണ്ടിരിക്കുന്നു. ചില അവസരത്തിൽ ധനത്യാഗത്തിനുവേണ്ടി പറയുന്നത് അമിതമായി

പ്പോയോ എന്ന ചിന്തപോലും വരാറുണ്ട്. പക്ഷേ അഹ്മദികളും ധനത്യാഗം ചെയ്തു കൊണ്ടേ പോകുന്നു. ഈ പള്ളി നിർമ്മാണത്തിൽ പലരും ഭാഗവാ ക്കുകളായി. ഒരാളെ എനിക്കറിയാം, അദ്ദേഹം തന്റെ ഒരാവശ്യത്തിന് അൽപം ദിവസത്തേക്കാണ് ഇവിടെ വന്നത്. അദ്ദേഹത്തിന്റെ കയ്യിലുള്ളതെല്ലാം ഈ പള്ളി യുടെ നിർമ്മാണചെലവിലേക്കായി നൽകി. അദ്ദേ ഹത്തെ എനിക്കറിയാം. എനിക്കദ്ദേഹത്തോട് പറയേ ണ്ടിവന്നു, നിങ്ങളുടെ നഫ്സിനോടും ചില കടമകൾ ഉണ്ടെന്ന കാര്യം ഓർക്കണം എന്ന്.

തഹ്‌രീക് ജദീദിന്റെ വർഷം ഒക്ടോബർ 31ന് അവ സാനിക്കുന്നതും പ്രതീക്ഷിച്ചിരിക്കുന്നവരുണ്ട്. ഞാൻ പുതിയ വർഷത്തെ പ്രഖ്യാപനം നടത്തുന്നതും കാത്തിരിക്കുകയായിരിക്കും അവർ. എന്റെ പുതുവർഷ പ്രഖ്യാപനത്തോടെ അവർ പുതിയ വർഷത്തെ ചന്ദഃ നൽകുകയും അല്ലെങ്കിൽ വാഗ്ദാനം എഴുതിപ്പിക്കുകയും ചെയ്യുന്നു. ചിലരെ എനിക്കറിയാം, പുതുവർഷ പ്രഖ്യാ പനം നടന്ന ഉടനെ വാഗ്ദാനവും കൂടെ പൂർണ്ണമായ തുകയും അടച്ചുതീർക്കാൻ പണം സ്വരുക്കൂട്ടി വെക്കുന്ന വരാണവർ. അല്ലാഹുവിനോട് അവർ കടം പറയാറില്ല. കടം വാങ്ങി തങ്ങളുടെ മറ്റ് ആവശ്യങ്ങൾ പൂർത്തി യാക്കാൻ കഴിയുമെങ്കിൽ ചന്ദഃകൾ എന്തുകൊണ്ട് വീട്ടിക്കൂടാ എന്ന് ചിന്തിക്കുന്നവരുമുണ്ട്. സ്വന്തം നഫ്സിന്റെ ആവശ്യങ്ങൾ പരിഹരിക്കേണ്ടതും നിർബന്ധമാണ്. എന്നിരുന്നാലും ഓരോരുത്തർക്കും അല്ലാഹുവുമായുള്ള ബന്ധം വ്യത്യസ്തമാണ്. ചിലരുടെ അവസ്ഥ എനിക്കറിയാമെങ്കിലും ചന്ദഃ തിരിച്ചെടുത്തു കൊള്ളുക എന്ന് അവരോട് പറയാറില്ലെങ്കിലും സ്വന്തം ആവശ്യങ്ങളും ഭാര്യാമക്കളുടെ ആവശ്യങ്ങളും പരിഗണി ക്കണമെന്ന് ഞാൻ അവരോട് പറയാറുണ്ട്. ഇതു പറയുമ്പോൾ അവരുടെ മറുപടി, ഇതാണ് അല്ലാഹുവി നോട് ഞങ്ങൾ ചെയ്യുന്ന കച്ചവടം എന്നാണ്. ഇങ്ങിനെയുള്ളവരുടെ ഭാര്യമാരും ധനത്യാഗരംഗത്ത് മുൻപന്തിയിലായിരിക്കും. അഹ്മദീ സ്ത്രീകൾ ധന ത്യാഗരംഗത്ത് പുരുഷന്മാരേക്കാൾ മുന്നേറിയതായി എനിക്കുള്ള അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. ലജ്ന തങ്ങളുടെ വാഗ്ദാനം പൂർത്തിയാക്കി എന്ന റിപ്പോർട്ട് അമീർ സാഹിബ് തന്നത് ഞാൻ കേൾപ്പിച്ചിരുന്നു. ബെർലിൻ മസ്ജിദിന്നായി 1 ലക്ഷം പൗണ്ട് യു.കെ ലജ്നയാണ് നൽകിയത്. ബ്രിട്ടനിൽ പള്ളി നിർമ്മാ ണത്തിലേക്കും മിഷൻ ഹൗസ്, സെന്ററുകൾ എന്നിവ തുടങ്ങുന്നതിലേക്കും പ്രചോദനം നൽകിയത് സ്ത്രീ കളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പല മീറ്റിങ്ങു കളിലും ശൂറകളിലും എന്റെ അടുത്തും ഇതുപോലുള്ള അഭിപ്രായം സ്ത്രീകൾ പ്രകടിപ്പിച്ചിട്ടുള്ളതാണ്. ഞങ്ങ ളുടെ മക്കളുടെ തർബിയ്യത്തിന് പള്ളികൾ ഉടനെ നിർമ്മിക്കണമെന്ന ആവശ്യം മുലാഖാത്ത് വേളകളിൽ അവർ പ്രകടിപ്പിക്കാറുണ്ട്. അഹ്മദിയ്യത്തിന്റെ സൗന്ദര്യ മാണിത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ വരുത്തിയ ആത്മീയ വിപ്ലവമാണിത്. ഈ ഒരു ആത്മാവ് നിലനിൽക്കുന്ന കാലത്തോളം അവരുടെ സന്താന ങ്ങളിൽ ഇബാദത്ത് നിലനിർത്തുന്നവരും ധനത്യാഗ ത്തിൽ മുന്നേറുന്നവരും ഉണ്ടായിക്കൊണ്ടേ ഇരിക്കുന്ന താണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന് ഇവ്വിധം ത്യാഗം ചെയ്യുന്ന സ്ത്രീകളെയും പുരുഷന്മാരേയും കുട്ടികളെയും നൽകുമാറാകട്ടെ. അവർ ഭൗതിക സുഹൃദ് ബന്ധങ്ങളിലേക്ക് നോക്കാതെ പര ലോകത്തിലേക്ക് നോക്കുന്നവരും അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നവരുമായിത്തീരട്ടെ. അവർ തഖ്‌വയിൽ മുന്നേറുന്നവരായിത്തീരട്ടെ.

അവസാനമായി തഹ്‌രീക് ജദീദിന്റെ കണക്കുകൾ സമർപ്പിക്കുകയാണ്. പൊതുവിൽ ഈ കണക്കുകൾ ജമാഅത്ത് പ്രതീക്ഷിച്ചിരിക്കാറുണ്ട്. തഹ്‌രീക് ജദീദിന്റെ 74-ാം വർഷമാണ് അവസാനിച്ചത്. 75-ാം വർഷത്തിന് തുടക്കമായി. എനിക്കുവന്ന റിപ്പോർട്ടുകളുടെ അടിസ്ഥാ നത്തിൽ മൊത്തം വരവ് 41,02,792 പൗണ്ടാണ്. ഇത് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 5 ലക്ഷം പൗണ്ട് കൂടുത ലാണ്. ലോകം ഇന്ന് സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുകയായിട്ടുകൂടി ബജറ്റിൽ വർദ്ധനവാണ് ഉണ്ടായി ട്ടുള്ളത്. പൊതുവിൽ അഹ്മദികൾ അവസാന ദിവസ മാണ് പൂർണ്ണമായും അടച്ചുതീർക്കാറുള്ളത്. ലോക രാഷ്ട്രങ്ങളിൽ പാക്കിസ്ഥാൻ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. വസൂലിയുടെ അടിസ്ഥാന ത്തിൽ ലോകത്തെ ആദ്യപത്തു നാടുകൾ ഇവയാണ്. 1. പാക്കിസ്ഥാൻ, 2.അമേരിക്ക (അമേരിക്ക രണ്ടാം സ്ഥാനത്തെത്തിയിട്ടുണ്ടെങ്കിലും അവസാനം കണക്കു ക്കൂട്ടിയപ്പോൾ ഡോളറിന്റെ മൂല്ല്യം വർദ്ധിച്ചതുകൊണ്ട് അവർ രണ്ടാം സ്ഥാനം കരസ്ഥമാക്കിയതാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അവരുടെ വസൂലി ഈ വർഷം കുറവാണ്. അതുകൊണ്ട് ഈ കാര്യം അവർ ശ്രദ്ധി ക്കേണ്ടതാണ്.) 3. ബ്രിട്ടൻ (ഈ വർഷം 74000 പൗണ്ടാണ് ബ്രിട്ടൻ അധികമായി നൽകിയത്) 4. ജർമ്മനി 5.കനഡ, ഇന്തോനേഷ്യ 6. ഇന്ത്യ 7. ബെൽജിയം 8.ഓസ്ട്രേലിയ 9.സിറ്റ്സ്വർലന്റ് 10.നൈജീരിയ, മൗറീഷ്യസ്.

നൈജീരിയ ജമാഅത്ത് തഹ്‌രീക് ജദീദിൽ ഇപ്രാ വശ്യം വളരെ മുമ്പിലെത്തിയിരിക്കുന്നു. ആദ്യത്തെ പത്തു ജമാഅത്തുകളിൽ ഇടം പിടിക്കുകയും ചെയ്തു. ആഫ്രിക്കൻ രാജ്യങ്ങളിൽ നൈജീരിയ ഉത്തമ മാതൃകയാണ് കാഴ്ചവെച്ചിരിക്കുന്നത്. ഘാന, നോർവെ, ഫ്രാൻസ്, ഹോളണ്ട്, മിഡിൽ ഈസ്റ്റിലെ ചില ജമാഅത്തുകളും വസൂലിയുടെ കാര്യത്തിൽ എടുത്തു പറയേണ്ടത് തന്നെയാണ്. അവരുടെ സംഖ്യ ഞാൻ പറയുന്നില്ല. ഇവരെല്ലാം മുന്നേറ്റം നടത്തിയിട്ടുണ്ട്. പ്രാദേശിക കറൻസിയുടെ അടിസ്ഥാനത്തിൽ ചന്ദഃ നൽകിയ ജമാഅത്തുകളിൽ മുന്നിലെത്തിയവരിൽ പാകിസ്ഥാൻ, ബ്രിട്ടൻ, കനഡ, ഇന്തോനേഷ്യ, ഘാന, സെറാലിയോൺ, ഗ്രനഡ, സിങ്കപ്പൂർ എന്നിവ ഉൾപ്പെടുന്നു. ഈ വർഷം അല്ലാഹുവിന്റെ അനുഗ്ര

ഹത്താൽ ചന്ദഃ നൽകുന്നവരുടെ എണ്ണം 5 ലക്ഷം കവിഞ്ഞിട്ടുണ്ട്. എന്റെ കണക്കുക്കൂട്ടൽ പ്രകാരം ഇത് കുറവാണ്. ജമാഅത്തുകൾ പൂർണ്ണമായും പരിശ്രമിക്കുകയാണെങ്കിൽ, പ്രത്യേകിച്ച് ആഫ്രിക്കൻ ജമാഅത്തുകൾ, ഈ എണ്ണം മൂന്ന് മടങ്ങ് വർദ്ധിക്കുന്നതാണ്. ഒരു വർഷം ഇത്ര വർദ്ധിച്ചാൽ അടുത്ത വർഷങ്ങളിൽ മുന്നോട്ട് കുതിക്കുന്നതായിരിക്കും.ചന്ദഃ നൽകുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കിയ ജമാഅത്തുകളിൽ നൈജീരിയയാണ് ഒന്നാം സ്ഥാനത്ത്. പിന്നീട് ഘാന, കനഡ, ഇന്ത്യ, ജർമ്മനി, ബ്രിട്ടൻ, ഇന്തോനേഷ്യ, ബെനിൻ, നൈജർ, ഐവറി കോസ്റ്റ് എന്നിവയാണ്. അഞ്ച് രാഷ്ട്രങ്ങൾ ആഫ്രിക്കയിലാണുള്ളത്. ഇവർ ഒന്നുകൂടി ശ്രമിക്കുകയാണെങ്കിൽ ഇത് കുറേകൂടി വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തഹ്‌രീഖ് ജദീദ് തുടങ്ങിയ ആദ്യത്തെ 19 വർഷത്തിൽ ചന്ദഃ നൽകിയവരെ ദഫ്ത്തർ അവ്വൽ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. അവരുടെ പേരുകൾ നിലനിർത്തണം എന്ന് ഞാൻ പറഞ്ഞിരുന്നു. അങ്ങിനെയുള്ള 3051 പേരാണ് ഉണ്ടായിരുന്നത്. അതിൽ എല്ലാവരുടെയും പേരുകൾ ഇപ്പോൾ നിലനിർത്തിയിട്ടുണ്ട്. ചിലത് അവരുടെ ബന്ധുക്കളും ബാക്കിയുള്ളത് ജമാഅത്തും.

പാക്കിസ്ഥാനിൽനിന്നുള്ള റിപ്പോർട്ടും സമർപ്പിക്കുകയാണ്. വസൂലിയുടെ അടിസ്ഥാനത്തിൽ ആദ്യത്തെ മൂന്ന് ജമാഅത്തുകളിൽ ലാഹോർ, റബ്‌വ, കറാച്ചി എന്നിവയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ റബ്‌വ വാസികൾ മൊത്തം വസൂലിയിൽ നല്ല വർദ്ധനവ് വരുത്തിയിട്ടുണ്ട്. പാക്കിസ്ഥാനിലെ മറ്റ് ജമാഅത്തുകളിൽ റാവൽപ്പിണ്ടി, ഇസ്ലാമാബാദ്, സിയാൽക്കോട്ട്, മുൾത്താൻ, കോയ്ട്ട,ശൈഖ്പുര, ഉക്കാട, ഹൈദരാബാദ്, ബഹാവൽപൂർ, സാഹിവാൾ എന്നിവയാണ്.

ജില്ലകളിൽ ആദ്യത്തെ പത്തെണ്ണത്തിൽ സിയാൽക്കോട്ട്, മീർപൂർഖാസ്, ഗുജ്റൻവാല, ഫൈസ ലാബാദ്, സർഗോദ, ഗുജറാത്ത്, ബഹാവൽ നഗർ, മീർപൂർ, കാശ്മീർ, പെശവാർ,മദീൻ എന്നിവയാണ്. വസൂലിയിൽ ഏറ്റവും മുൻകടന്ന ജമാഅത്തുകളിൽ സാങ്കട്, വാകെന്റ്, കോക്കർ ഗർബി(ചെറിയ ഒരു സ്ഥലമാണ്)166 മുറാദ്, നദീമബാദ്, ബശീറാബാദ്, സാവന്ത് തുടങ്ങിയവയാണ്.

ഇംഗ്ലണ്ടിലെ വലിയ ജമാഅത്തുകളിൽ ആദ്യത്തെ പത്ത് ജമാഅത്തുകൾ ഇവയാണ്. ഹൽഖ മസ്ജിദ് ഫസൽ, വോഴ്സസ്റ്റർ പാർക്ക്, വെസ്റ്റ്ഹിൽ, ടൂട്ടിൻ, സട്ടൻ, ന്യൂ മോർഡൻ, ബ്രാഡ് ഫോഡ്, മാഞ്ചസ്റ്റർ, ഗില്ലിൻഹാം, ഇന്നർപാർക്ക്.

ചെറിയ ജമാഅത്തുകളിൽ ആദ്യത്തെ പത്ത് സ്ഥാനം ഇപ്രകാരമാണ്. സ്കൻതോർപ്പ്, വോൾവർ ഹാംപ്റ്റൺ, ബ്രിസ്റ്റോൾ, സ്പെൻ വാലി, ലീമിങ്ട്ടൻ സ്പാ, ബോൺ മൗത്ത്, നോർത്ത് വെയിൽസ്, വോക്കിങ്, കീഖ്ലി, ഡെവൺ & കോൺവെൽ

അമേരിക്കയിൽ ആദ്യത്തെ നാല് സ്ഥാനത്തുള്ളവർ സിലിക്കൺ വാലി, ചിക്കാഗോ, നോർത്തേൺ വിർജീനിയ, ഡെട്രോയി, എന്നിവയും, കാനഡയിൽ ടോക്കി, കാൽഗരി നോർത്ത് ഈസ്റ്റ്, കാൽഗരി നോർത്ത് വെസ്റ്റ്, പീസ് വില്ലേജ് എന്നിവയാണ്. പീസ് വില്ലേജ് പ്രഥമ സ്ഥാനത്ത് വരും എന്നാണ് ഞാൻ കണക്കുക്കൂട്ടിയത്.

സാമ്പത്തിക ത്യാഗം ചെയ്ത എല്ലാവർക്കും അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. ഇവരുടെ ധനത്തിലും സന്താനങ്ങളിലും അതിരറ്റ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ധനത്യാഗത്തിന്റെ ആത്മാവ് മനസ്സിലാക്കിക്കൊണ്ട് ഭാവിയിലും ധനത്യാഗം ചെയ്യുന്നവരിൽ ഇവരെല്ലാവരും ഉൾപ്പെടുമാറാകട്ടെ. തങ്ങളുടെ ഇബാദത്തുകളുടെ സ്ഥാനം ഉയർത്തുന്നവരാകുമാറാകട്ടെ.

വിവർത്തനം
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 07 -11 - 2008 at**
**Masjidul Mahdi**
**Bradford,England**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**